LIBRARY ARCHIVES Kerala Legislative Assembly

അനാഥാലയങ്ങൾക്ക് അനുവദിച്ച തുക

342 (1816) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമൂഹ്യ നീതി വകുപ്പിന് അനുവദിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള അനാഥാലയങ്ങൾക്ക് കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ അനുവദിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ക്ഷേമപെൻഷനുകൾ മണിയോർഡർ വഴി അയയ്ക്കുന്ന സമ്പ്രദായം

343 (1817) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷനുകൾ മണി ഓർഡർ വഴി അയയ്ക്കുന്ന സമ്പ്രദായം നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) എങ്കിൽ ഇനി മുതൽ ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സംവിധാനം നിർത്തലാക്കുന്നതിലൂടെ അവശരായ പെൻഷൻകാർക്ക് കിലോമീറ്ററോളം സഞ്ചരിച്ച് പെൻഷൻ വാങ്ങേണ്ടിവരുന്ന ദുരിതാവസ്ഥ ഉണ്ടാകുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) 1-4-2015 മുതൽ ക്ഷേമപെൻഷനുകൾ ഡി.ബി.ടി. സംവിധാനത്തിലൂടെയാണ് വിതരണം ചെയ്യുവരുന്നത്.

(ബി) ഡി.ബി.ടി. സംവിധാനത്തിൽ ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടുകൾ/ മണിയോർഡർ എന്നീ മൂന്ന് വിതരണ രീതികളിലാണ് ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നത്.

(സി) ഇല്ല. അവശരായ ഗുണഭോക്താക്കൾക്ക് മണിയോർഡറായി ക്ഷേമ പെൻഷൻ ലഭിക്കുന്നതിനുള്ള സംവിധാനം നിലനിൽക്കുന്നുണ്ട്.